പ്രഭാഷണം

ടി.കെ അബ്ദുല്ല

# കേരള മുസ്‌ലിം നവോത്ഥാനത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പങ്ക്

▪ ടി.കെ അബ്ദുല്ല



**അറുപത്** വർഷത്തിലധികമായി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമി, ആദർശപരമായി ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപത്തിഒന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ശക്തിപ്പെട്ട ആഗോള ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമാണ്. കേരളത്തിന്റെ സ്വന്തം പ്രതലത്തിലുള്ള പ്രാസ്ഥാനിക കാര്യമാണ് ഇവിടെ വിവരിക്കുന്നത്. ഇതിനെ ഒരാമുഖം മാത്രമായി മനസ്സിലാക്കി, വെട്ടിത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി പഠന വിധേയമാക്കേണ്ട വിഷയമാണിതെന്നാണ് തുടക്കത്തിൽ പറയാനുള്ളത്.


### ഇസ്‌ലാമിന്റെ ആരോഗ്യകരമായ അവതരണം

ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ പ്രയാണ പഥത്തിൽ മുസ്‌ലിം മതരംഗത്ത് ചില മാറിച്ചിന്തിക്കലിനും മാറ്റത്തിനും അത് തുടക്കമിട്ടിട്ടുണ്ട്. അനാരോഗ്യകരവും ആഭാസകരവുമെന്ന് ആളുകൾക്ക് തോന്നിപ്പോകുന്ന തരത്തിൽ ഇസ്‌ലാമിനെ മതപണ്ഡിതന്മാർക്കിടയിലുള്ള ഒരു താർക്കിക വസ്തു എന്ന നിലവാരത്തിൽ നിന്ന് മാറ്റിയെടുത്ത്, ആർജവവും അന്തസ്സും ഗൗരവവുമുള്ള ഒരു പ്രസ്ഥാനമാക്കി വളർത്തിയെടുത്ത് അവതരിപ്പിക്കാൻ ശ്രമിച്ച പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. യുദ്ധത്തിൽ ആളുകൾക്കു മുമ്പെ മരണപ്പെടുക സത്യമായിരിക്കുമെന്ന് പറഞ്ഞ മഹാൻ കേരള മുസ്‌ലിംകളുടെ വാദപ്രതിവാദം കണ്ടിട്ടില്ലാത്ത ഒരാളാണ്. സത്യം

**അപരന്റെ വാദമുഖം ശ്രദ്ധാപൂർവം കേൾക്കുക, അവൻ പറയുമ്പോൾ ഇടക്കുകയറി പറയാതിരിക്കുക, മറുകക്ഷിയോട് ആദരവ് പ്രകടിപ്പിക്കുമ്പോൾ തന്നെ സ്വന്തം അഭിപ്രായം വൈകാരികാവസ്ഥകൾ ഉണ്ടാക്കാതെ തുറന്ന് പ്രകടിപ്പിക്കുക, വിഷയത്തെ സന്തോഷകരമായ ചർച്ചയാക്കുക ഇത്തരം സംവാദങ്ങൾക്ക് ഇന്നും ജമാഅത്ത് സന്നദ്ധമാണ്.**

ആദ്യമായി കൊലചെയ്യപ്പെടുന്നത് യുദ്ധത്തിൽ മാത്രമല്ല, മതത്തിന്റെ വാദപ്രതിവാദത്തിലുമാണ്. വ്യവസ്ഥ നിശ്ചയിക്കുന്നതിലെ ചില പ്രശ്നങ്ങൾ കാരണം വാദപ്രതിവാദം തുടങ്ങുംമുമ്പു തന്നെ മറുകക്ഷി പരാജയപ്പെട്ട പ്രമാദമായ ഒരു സംഭവം നേരിൽ കണ്ട അനുഭവമുണ്ട്. സ്വാഗതപ്രസംഗത്തിൽ തന്നെയാണ് അന്ന് ആ കക്ഷി തോറ്റുതൊപ്പിയിട്ടത്. സാധാരണ തൊപ്പിയിട്ട് പരിചയമില്ലാത്ത കക്ഷിയാണ് അന്ന് തോറ്റത്. 'ബഹുമാനപ്പെട്ട പ്രതിപക്ഷകക്ഷി'യെന്ന് സ്വാഗത പ്രസംഗകൻ മറുകക്ഷിയെ പറ്റി ഉപയോഗിച്ചതാണ് സംഭവം. ഉടനെ മറുകക്ഷി നേരത്തെ തയാറാക്കി കൊണ്ടുവന്ന സ്വന്തം മൈക്കിൽ ഘനഗംഭീരമായി 'നിർത്തണം' എന്ന ശബ്ദം മുഴക്കി. സദസ്സ് അമ്പരന്നു. നിർത്തണമോ തുടരണമോ എന്നറിയാതെ സ്വാഗതപ്രസംഗകനും ബേജാറ്! പിന്നെ മറുകക്ഷിയുടെ പ്രസംഗം: നിങ്ങളെന്നെ 'ബഹുമാനപ്പെട്ട' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതേസമയം ഞാൻ 'ശിർക്ക്' ചെയ്യുന്നവനെന്ന നിലക്കാണ് ഇവിടെ വന്നത്. ശിർക്ക് ചെയ്യുന്നവൻ എങ്ങനെ ബഹുമാനപ്പെടും? ഖുർആൻ പറയുന്നത് മുശ്‌രിക്കുകൾ നജസാണെന്നാണ്. അതിനാൽ സ്വാഗതപ്രസംഗത്തിൽ തന്നെ മറുകക്ഷി പരാജയപ്പെട്ട് അവരുടെ വാദം പിൻവലിച്ചിരിക്കുന്നു. ബോലോ തക്ബീർ! അല്ലാഹു അക്ബർ! വിഷയം മതപരമായതുകൊണ്ട് ഗുണ്ടകൾ എന്ന് വിശേഷിപ്പിക്കാൻ പാടില്ലാത്ത സദസ്സിലെ കെല്ലന്മാരാണ് പിന്നീട് ആ വാദപ്രതിവാദം ഏറ്റെടുത്തത്.

ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്ന് തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ, കേരളത്തിലെ മത വാദപ്രതിവാദത്തെ പറ്റി നിങ്ങൾക്ക് അധികമൊന്നും അറിയില്ല. ഈ പരിപാടി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. എല്ലാ ജനവിഭാഗത്തെയും മുന്നിൽനിർത്തി മറ്റേതെങ്കിലും മതകക്ഷി ഇത്തരം വാദപ്രതിവാദം നടത്താറുണ്ടോയെന്ന് അറിയില്ല. ഹിന്ദുമതം അദ്വൈതമാണോ ഏകദൈവ വിശ്വാസമാണോ? നിരീശ്വരവാദികൾക്ക് അതിൽ അംഗമാകാമോ? ഇങ്ങനെ ഇതൊരു വാദപ്രതിവാദമാക്കി എല്ലാവരും പങ്കെടുത്ത് തോൽക്കുകയും ജയിക്കുകയും ചെയ്യുന്ന പരിപാടി കണ്ടിട്ടില്ല. അതുപോലെ രാഷ്ട്രീയ പാർട്ടികൾ അവരവരുടെ സ്റ്റേജിൽ പലതും പറയുമെങ്കിലും അതവിടെ തന്നെ തീരുമെന്നല്ലാതെ, സത്യവും അസത്യവും അതിലൂടെ തീരുമാനിക്കുന്നതായി കണ്ടിട്ടില്ല. പക്ഷേ, നമ്മുടെ മതസംഘടനകൾ കഴിഞ്ഞ കാല



■ സയ്യിദ് മൗദൂദി

**വാലും തലയും മുറിച്ച്, എല്ലും തൊലിയും പോക്കിയ സാംസ്കാരിക ഇസ്‌ലാമിനെ പറ്റിയാണ് ബുഷ്ചേട്ടൻ വരെ പറഞ്ഞത്. അയാൾക്ക് രണ്ട് ഇസ്‌ലാമേ അറിയൂ. ഒന്ന്, താലിബാൻ ഇസ്‌ലാം. രണ്ട്, സാംസ്കാരിക ഇസ്‌ലാം. ഇതിനപ്പുറം ജീവൽസ്പർശിയായ പ്രബോധന മതത്തിന്റെ പ്രയോക്താക്കളായിരുന്നു പ്രവാചകന്മാർ എന്നാണ് ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിനെ അവതരിപ്പിച്ചത്.**

ങ്ങളിൽ കാര്യം തീരുമാനിച്ചുവന്നത് വാദപ്രതിവാദങ്ങളിലൂടെയാണ്. അജ്ഞരായ സദസ്സാണ് അതിലെ വിധികർത്താക്കൾ. എന്തിലാണ് അവർ വിധിക്കുന്നതെന്നു പോലും അവർക്കറിയില്ല. ഇംഗ്ലീഷ് അറിയില്ലെങ്കിലും, തന്റെ വക്കീൽ കോടതിയിൽ വാക്കുകൾകൊണ്ട് അടിച്ചു കസറിയിരിക്കുന്നുവെന്ന് ഇവർ തെറ്റിദ്ധരിച്ചിരിക്കുന്നു. പക്ഷേ, ആ കോലാഹലങ്ങൾക്കിടയിൽ മറ്റെ വക്കീൽ കനമുള്ള വല്ലതും പറഞ്ഞാൽ അതുണ്ടോ ഇവർക്ക് മനസ്സിലാവുന്നു. ഇങ്ങനെ പ്രകടനങ്ങളിലൂടെ ശോഭിക്കുന്ന പണ്ഡിതൻ/കക്ഷിയാണ് ജയിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ വന്നശേഷം ഈ മേഖലയിൽ നിന്ന് മാറി ഇങ്ങനെയല്ലാതെയും ഇസ്‌ലാമിനെ പറ്റി മനുഷ്യരോട് സംസാരിക്കാൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് ചെയ്തത്. 60 വർഷമായി ഇതേ ശൈലി മുറുകെ പിടിച്ചുകൊണ്ട്, മത നവോത്ഥാന മേഖലയിൽ ആർജവമുള്ള ഇസ്‌ലാമിന്റെ അവതരണ ശൈലി ആരോഗ്യകരമായി കാത്തുസൂക്ഷിക്കുകയാണ് ഈ പ്രസ്ഥാനം. ഇതൊരു നിസ്സാര കാര്യമല്ല. കാരണം ആളെ കൂട്ടാൻ വാദപ്രതിവാദം നല്ലൊരു മാർഗമാണ്. ഒരു കാളപൂട്ട്/ക്രിക്കറ്റ്/ഫുട്ബോൾ വീക്ഷിക്കാനെന്നവണ്ണം ആളുകൾ തടിച്ചുകൂടുന്ന ഏർപ്പാടാണത്. സംസാരത്തിൽ ലീഡ് ചെയ്യുന്നതാണ് ആളെ കിട്ടാൻ മാനദണ്ഡം. പലപ്പോഴും പ്രസംഗകന്റെ ഹാവഭാവം, താടി, തലപ്പാവ് എന്നിവയും ഇതിൽ വിധിനിർണയിക്കുന്ന ഘടകങ്ങളാണ്. ഇതൊക്കെ മനസ്സിലാക്കിത്തന്നെ, അത് ശരിയല്ലെന്നും അനാരോഗ്യ മതപ്രബോധന രീതിയാണെന്നും തിരിച്ചറിഞ്ഞ്, ജനങ്ങളോട് സൗമനസ്യത്തിന്റെ ഭാഷയിൽ ഉദ്ബോധ ശൈലിയിൽ സംസാരിക്കുകയായിരുന്നു ജമാഅത്തെ ഇസ്‌ലാമി. അതേസമയം മനുഷ്യർ തമ്മിൽ ആരോഗ്യകരമായ സംവാദം എന്ന വാതിൽ ജമാഅത്ത് അടച്ചിട്ടില്ല. വാദത്തിൽ 'സം' ചേരുന്നതോടെ സംസാരശൈലിക്കു മാന്യതയും ശുദ്ധതയും വന്നുചേരും. അപരന്റെ വാദമുഖം ശ്രദ്ധാപൂർവം കേൾക്കുക, അവൻ പറയുമ്പോൾ ഇടക്കുകയറി പറയാതിരിക്കുക, മറുകക്ഷിയോട് ആദരവ് പ്രകടിപ്പിക്കുമ്പോൾ തന്നെ സ്വന്തം അഭിപ്രായം വൈകാരികാവസ്ഥകൾ ഉണ്ടാക്കാതെ തുറന്ന് പ്രകടിപ്പിക്കുക, വിഷയത്തെ സന്തോഷകരമായ ചർച്ചയാക്കുക ഇത്തരം സംവാദങ്ങൾക്ക് ഇന്നും ജമാഅത്ത് സന്നദ്ധമാണ്. വാദപ്രതിവാദത്തിന് ക്ഷണിക്കുന്നവരോടും രണ്ട് കാര്യമാണ് പറയാനുള്ളത്. 1. പണ്ഡിതന്മാർക്ക് മാത്രം സദസ്സിലിരുന്ന് സംസാരിക്കാം. അജ്ഞരായ ബഹുജനത്തെ മുന്നിലിരുത്തരുത്. കാരണം സംസാരം മുഴുക്കെ അവരുടെ മുമ്പിൽ ജയിക്കാനുള്ളതായി മാറിപ്പോകും. 2. ലോകതലത്തിൽ ആദരിക്കപ്പെടുന്ന, ഖുർആനും സുന്നത്തും അറിയുമെന്ന് നമുക്ക് ഉത്തമ വിശ്വാസമുള്ള പണ്ഡിതന്മാരെ മാധ്യസ്ഥരാക്കാം.


മുസ്‌ലിം സമൂഹത്തെ പിടികൂടിയ വല്ലാത്ത ഇബ്‌ലീസാണ് വാദപ്രതിവാദം. എല്ലാ കുറ്റത്തിനും ഇബ്‌ലീസിനെ കുറ്റപ്പെടുത്തുന്നതു പോലെയുമല്ല ഇത്. ഇബ്‌ലീസിന്റെ സമ്മേളനത്തിൽ, അദ്ദേഹത്തിന്റെ ലോക്കൽ, ഏരിയ, ജില്ല നേതാക്കൾ റിപ്പോർട്ട് വായിച്ചപ്പോൾ ഇബ്‌ലീസ് ചോദിച്ചു: എന്ത് ചവറാണ് ഈ വായിക്കുന്നത്? അനുയായികൾ: അല്ല കമ്യൂണിസത്തെ പരാജയപ്പെടുത്താൻ.... നേതാവ്: വേണ്ട, വേണ്ട! എന്ത് കമ്യൂണിസ

മെടോ? ഇസ്‌ലാമിനെ ഒതുക്കാൻ നിങ്ങൾ എന്താണ് ചെയ്തത്, നാളെ അതാണ് ഭീഷണി. അതു തടുക്കാൻ വല്ലതും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതാണ് അവതരിപ്പിക്കേണ്ടത്. അതിന് അവരുടെ പണ്ഡിതന്മാരെ ഖീല-ഖാലകളിൽ തളക്കണം, പണ്ഡിതനെ അതിൽ ചുറച്ച് കെട്ടണം. ഇത്തരം ഒരു ഇബ്‌ലീസാണ് ഈ വാദ പ്രതിവാദം.

## സമഗ്ര ഇസ്‌ലാം സമർപ്പിച്ച പ്രസ്ഥാനം

ഇസ്‌ലാമിന്റെ സമ്പൂർണവും സമഗ്രവുമായ വശം കേരളത്തിൽ ശക്തമായി അവതരിപ്പിച്ചുവെന്നതാണ് കേരള മുസ്‌ലിം നവോത്ഥാനത്തിലെ ജമാഅത്തിന്റെ രണ്ടാമത്തെ സംഭാവന. അഥവാ വജ്ജഹ്തു (നമസ്കാരത്തിലെ പ്രാരംഭ പ്രാർഥന) വിന്റെ അർഥം ജമാഅത്ത് കേരള മുസ്‌ലിംകളെ പഠിപ്പിച്ചിട്ടുണ്ട്. ഇത്ര നിസ്സാര കാര്യമാണോ ജമാഅത്ത് ചെയ്തതെന്നോർത്ത് ചിരിക്കരുത്. ഇതൊരു നിസ്സാര സംഭവമല്ല. ഇസ്‌ലാം കേവലം ആരാധനാ ചടങ്ങ് മാത്രമല്ല ജീവിതവും മരണവും ഉൾപ്പെടുന്നതാണത്. ഇത് നൂതന ആശയമല്ല; നൂതന സമർപ്പണമാണ്. ദൈവിക ഗ്രന്ഥവും പ്രവാചകന്മാരും പൂർവ ഗാമികളുടെ ഗ്രന്ഥങ്ങളുമാണ് ഇസ്‌ലാമിനെ അങ്ങനെ അവതരിപ്പിക്കുന്നത്. പക്ഷേ, 500 കൊല്ലത്തെ കോളനി വാഴ്ചക്ക് ഇപ്പുറം ഇസ്‌ലാം ക്രിസ്തു-ഹിന്ദുമതങ്ങൾ പോലെ, ജീവിതവുമായി ബന്ധമില്ലാത്ത വിശിഷ്യാ സമൂഹിക ജീവിതവുമായി അശേഷം ബന്ധമില്ലാത്ത ഒരു പള്ളിമതമായി തരംതാണു കഴിഞ്ഞിരുന്നു. ഇബ്‌ലീസ് ഏഷ്യക്കാരെ വഴിപിഴപ്പിക്കാൻ ഏൽപിച്ചത് പടിഞ്ഞാറുകാരെയാണ്. അവർ ചെയ്ത സമർഥ വേലകളിലൊന്നാണ് മതത്തെ സാമൂഹിക ജീവിതത്തിൽ നിന്ന് അടർത്തിമാറ്റുകയെന്നത്. മതമെന്നാൽ കുടുംബ-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽനിന്ന് അടർത്തി മാറ്റി ഞങ്ങളുടെ മതം പോലെയാക്കുകയാണെന്നവർ പറഞ്ഞു. ശേഷം ഏത് പള്ളിയിലും ചർച്ചിലും വിഹാറിലും പോകുന്നത് അവർക്ക് വിഷയമല്ല. വാലും തലയും മുറിച്ച്, എല്ലും തൊലിയും പോക്കിയ സാംസ്കാരിക ഇസ്‌ലാമിനെ പറ്റിയാണ് ബുഷ്ചേട്ടൻ വരെ പറഞ്ഞത്. അയാൾക്ക് രണ്ട് ഇസ്‌ലാമേ അറിയൂ. ഒന്ന്, താലിബാൻ ഇസ്‌ലാം. രണ്ട്, സാംസ്കാരിക ഇസ്‌ലാം. ഇതിനപ്പുറം ജീവൽ സ്പർശിയായ പ്രബോധന മതത്തിന്റെ പ്രയോക്താക്കളായിരുന്നു പ്രവാചകന്മാർ എന്നാണ് ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമിനെ അവതരിപ്പിച്ചത്.

തത്ത്വത്തിൽ അംഗീകരിച്ചാലും മരണം വരെ ജീവിതം അല്ലാഹുവിന് എന്ന് അംഗീകരിക്കുക വളരെ പ്രയാസമുള്ള കാര്യമാണ്. ഇത് അവതരിപ്പിച്ചപ്പോഴും അൽപം കടുപ്പം വന്നു പോയിട്ടുണ്ട്. പറഞ്ഞത് ശ്രോതാവിന് ജീവിതത്തിൽ പകർത്താൻ പാകത്തിലാകണം. ആദർശം വല്ലാതെ തലക്കു കയറിയപ്പോൾ എന്താ അങ്ങനെ പൂർണ മുസ്‌ലിമായാൽ എന്ന് തോന്നിപ്പോവുക സ്വാഭാവികവുമാണ്. ഇതിനെ ആത്മാർഥമായ ഒരു വീഴ്ചയായി കണ്ടാൽ മതി. പക്ഷേ, ഇക്കാര്യം സമൂഹവുമായി ഉള്ളു തുറന്ന് പങ്കുവെച്ചില്ല. അതിനാൽ ഒരു ജമാഅത്ത് പ്രവർത്തകൻ വല്ല വീഴ്ചയും വരുത്തിയാൽ ആളുകൾ ഇളകിവരും. മറ്റൊരു വ്യവസ്ഥക്കു കീഴിലാണല്ലോ നാം താമസിക്കുന്നത്. ജമാഅത്തു പ്രവർത്തകർ മാലാഖമാരല്ല. മറ്റൊരു സംവിധാനത്തിനു കീഴിൽ പരമാവധി എത്രകണ്ട് മുസ്‌ലിമായി ജീവിക്കാൻ കഴിയും എന്ന അന്വേഷണമാണ് ജമാഅത്ത് നടത്തിയിട്ടുള്ളത്. നബിമാരും ഇത്തരമൊരു ത്യാഗമാണ് സഹിച്ചത്. അപ്പോഴും ഇസ്‌ലാമിക ജീവിതത്തിൽ വിഷമം വരും. പ്രതികൂല സാഹചര്യത്തിൽ, പ്രതിലോമ ശക്തികളോട് നേരിട്ടു തന്നെ ഇസ്‌ലാം വെട്ടിമുറിക്കാതെ എത്ര മുന്നോട്ട് പോകാം എന്നാണ് ജമാഅത്ത് പഠിപ്പിച്ചിട്ടുള്ളത്.



■ ഹാജി സാഹിബ്

**ഇന്ന് മലയാളത്തിൽ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നതിൽ പല സംഘടനകളും മുന്നോട്ട് പോയിട്ടുണ്ട്. പക്ഷേ, ഇതിന് വലിയ പ്രചോദനമായത് ഇസ്‌ലാമിക പ്രസ്ഥാനമാണെന്ന കാര്യം അടിവര ഇടേണ്ട വിഷയമത്രെ.**

മറ്റുള്ളവരുമായി ജമാഅത്ത് ഇക്കാര്യത്തിൽ വ്യത്യാസപ്പെടുന്നത്, അവർ ചെരുപ്പിനൊപ്പിച്ചു മുറിക്കുന്നത് കാലാണ്. നാം കാലിനൊപ്പിച്ച് കഴിയുന്നതും ചെരുപ്പ് മുറിക്കാനാണ് ശ്രമിക്കുന്നത്. മറ്റുള്ളവർ ചിലതൊന്നും ഇസ്‌ലാമിൽ പെട്ടതല്ലെന്ന് ഒറ്റയടിക്ക് തീരുമാനിച്ചു കഴിഞ്ഞു. എന്തുസുഖം! കാരണം സാമൂഹിക പ്രശ്നങ്ങൾ ഇസ്‌ലാമിലേയില്ല. 'ആരാധന'യാണ് ഇസ്‌ലാം. കേൾക്കുന്നവർക്കും വളരെ ആശ്വാസം. ഈ പ്രസംഗം കേൾക്കുന്ന സാമാന്യ മുസ്‌ലിം കച്ചവടക്കാരന് പലിശയുടെ ബേജാറ് വരില്ല. കച്ചവടത്തെ ഉദാഹരിക്കുന്നത് രാഷ്ട്രീയം ഉദാഹരിച്ചാൽ ജമാഅത്തുകാരുടെ പ്രത്യേക വിഷയം എന്ന് പറഞ്ഞ് തള്ളിക്കളയുന്നതിനാലാണ്. കച്ചവടം പോലും ദീനിന്റെ വിഷയമായി ഇന്ന് ഫലത്തിൽ അംഗീകരിക്കുന്നില്ല. രാഷ്ട്രീയത്തിൽ ഇസ്‌ലാം തത്ത്വത്തിൽ തന്നെയില്ല. ഇതിൽ അത്ഭുതവുമില്ല. കാരണം അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) ഇതും പറയാതെ വിട്ടിട്ടില്ല. ഇസ്‌ലാമിന്റെ പിരി ഓരോന്നും അഴിഞ്ഞുകൊണ്ടിരിക്കും. ആദ്യം പോവുക രാഷ്ട്രീയമാണ്. രാജാധിപത്യം വന്നതോടെ തന്നെ രാഷ്ട്രീയം നല്ലൊരു പോക്ക് പോയി. പിന്നെ പോക്കോട് പോക്കുതന്നെ. അവസാനം വരെ നിലനിൽക്കുക നമസ്കാരമാണ്. പള്ളിക്ക് വല്ലാത്ത അലങ്കാരമുണ്ട്; റമദാനിൽ ഏറിയ ജനത്തിരക്ക്; ബഹളം. പക്ഷേ, സകാത്തിന്റെ കാര്യത്തിൽ ഇതുണ്ടോ? ഏത് മാസമാണ് സകാത് കൊടുക്കേണ്ടത് എന്നന്വേഷിക്കുന്ന ഒരു ശേഖരണ-വിതരണ ബഹളം ഇന്നും സമുദായത്തിലില്ല. അതെല്ലാം കേരളത്തിലിന്ന് സാധ്യമാണ്. എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്കിൽ മാത്രമല്ല മലപ്പുറം മുന്നിൽ. നല്ല ഒന്നാന്തരം കഷ്ണം മുറിക്കാൻ പാകത്തിലുള്ളവർ (സാമ്പത്തികരംഗത്ത്) നമ്മുടെ ഉള്ളിലുണ്ട്. നമസ്കാരത്തിലെ ബേജാറ് സകാതിൽ വരുന്നില്ല. ഈ 'ഗുപ്ത'മായതിന്റെ 'പ്രകാശന' കാലം വരുന്നില്ല.

എന്താണ് സമുദായം ചെയ്യുന്നതെന്നാൽ, പോകുന്നതുവരെ അതിന്നുവേണ്ടി വാദപ്രതിവാദം ചെയ്യും. പോയാൽ ഒരു മാസത്തെ പ്രതിഫലനം മാത്രം. പോയിക്കഴിഞ്ഞാൽ ബാക്കി ഇസ്‌ലാം മതി. പേഴ്സനൽ ലോ വിവാദമുണ്ടായപ്പോൾ

എല്ലാവരും ഒന്നിച്ചു. അതിനും എത്ര കൊല്ലം മുമ്പ് നമ്മുടെ സാമ്പത്തികരംഗം തകർന്നിരിക്കുന്നു. ബാങ്കും പലിശയുമായി ഇപ്പോഴും ജീവിക്കുക തന്നെ. പോയതൊക്കെ പോകട്ടെ, ബാക്കി എടുക്കാം എന്നതല്ല, പോയത് എങ്ങനെ തിരിച്ചുപിടിക്കാം എന്നതുകൂടിയാണ് ജമാഅത്ത് ചിന്തിക്കുന്നത്. ആത്മവിശ്വാസത്തോടെയും അപകർഷ ബോധമില്ലാതെയും സമൂഹ മുമ്പാകെ ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിനെ സമ്പൂർണ ജീവിത പദ്ധതിയും ദർശനവുമായി അവതരിപ്പിച്ചുവെന്നതാണ് ഇതിലെ മൗലിക പ്രതിപാദനം.

## മലയാള ഭാഷക്ക് ഇസ്‌ലാമിനെ സംഭാവന ചെയ്തത പ്രസ്ഥാനം

മലയാള ഭാഷക്ക് ഇസ്‌ലാമിനെ സംഭാവന ചെയ്തുവെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ മൂന്നാമത്തെ നവോത്ഥാന പങ്ക്. മലയാളത്തിലെ മിക്ക പദങ്ങളും കടുകട്ടിയായ സംസ്കൃതത്തിൽ നിന്ന് രൂപപ്പെട്ടതാകയാൽ, അതിലെ ചില പദങ്ങൾ അറബിയും തമിഴുമൊക്കെ ചേർത്ത് അറബി മലയാളമെന്ന ലിപിയാണ് ഇതിനു മുമ്പ് മുസ്‌ലിംകൾ ഉപയോഗിച്ചിരുന്നത്. അന്നത്തെ അനിവാര്യതയായിരുന്നതിനാൽ അതിനെ തെറ്റായി കാണാൻ കഴിയില്ല. ഇതിന്റെ ഒരു ഭാഗമായിരുന്നു അന്ന് സ്ത്രീകൾക്ക് കൂടുതലറിയാവുന്ന മാപ്പിളപ്പാട്ട്. ഓർമപ്രകാരം 'ഖുതുബാതി'ന്റെ കുറെ ഭാഗങ്ങൾ വരെ ആദ്യം അറബിമലയാളത്തിലാണ് പ്രസിദ്ധീകൃതമായത്. മുസ്‌ലിംകൾക്ക് അറബി മലയാളം ഉപകരിക്കുമെങ്കിലും അവർ ഭാഷയുടെ അടിസ്ഥാനത്തിൽ ഭൂരിപക്ഷ പൊതുസമൂഹത്തിൽനിന്ന് വേർപ്പെട്ടുപോയിക്കൂടാ എന്നതായിരുന്നു ജമാഅത്ത് നിലപാട്. അവരുടെ കാര്യങ്ങൾ നമുക്കും നമ്മുടേത് അവർക്കും അന്യമാകുന്ന അവസ്ഥ പാടില്ല. ബഹുസ്വര സമൂഹത്തോട് ബന്ധപ്പെടാൻ ജമാഅത്തിന്റേതല്ലാത്ത ഒറ്റപ്പെട്ട ഇസ്‌ലാമിക ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ടായിരുന്നുവെന്ന സത്യവും മറച്ചുവെക്കുന്നില്ല. വക്കം അബ്ദുൽ ഖാദർ മൗലവി, സി.എൻ അഹ്മദ് മൗലവി എന്നിവരും ഐക്യസംഘവും ഉദാഹരണം. എങ്കിലും ഇസ്‌ലാമിക വിജ്ഞാനീയത്തെ കേരളത്തിൽ അവതരിപ്പിക്കുന്നത് ഒരു നിയോഗവും യജ്ഞവുമായി ഏറ്റെടുത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. വളാഞ്ചേരിക്കടുത്ത ഇരുമ്പിളിയത്തെ മുരുക്കിൻപെട്ടിയിൽനിന്ന് എടയൂരിലെ കൊച്ചുപള്ളിക്കുമുകളിലെ തട്ടിൽ കൂടി കടന്ന്, ഇസ്‌ലാമിക വിജ്ഞാനകോശം ഉൾപ്പെടെ അഞ്ഞൂറിലധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച പ്രസാധനാലയമാണ് ഇന്ന് ഐ.പി.എച്ച്.

ഇക്കാര്യത്തിന് ആദ്യം പറഞ്ഞ രണ്ട് കാര്യങ്ങളിൽനിന്ന് വ്യത്യാസമുണ്ട്. ഇസ്‌ലാമിനെ ആരോഗ്യകരമായി അവതരിപ്പിക്കുന്നുവെന്ന വാദം മതപണ്ഡിതന്മാർ ഇന്നും അംഗീകരിച്ചിട്ടില്ല. അവരിന്നും വാദപ്രതിവാദ ലഹരിയിൽ തന്നെ. ഇസ്‌ലാം സമ്പൂർണ ജീവിത പദ്ധതിയാണെന്ന് അംഗീകരിക്കാനും അവർ ഒരുക്കമല്ല. ജമാഅത്ത് ഒരു വിട്ടുവീഴ്ചാ പ്രസ്ഥാനമായിരുന്നില്ലെങ്കിൽ ഇക്കാര്യത്തിലൊന്നും അവർക്ക് ഒട്ടും സൈഥര്യം ലഭിക്കുമായിരുന്നില്ല. സുഊദിയിൽ നിന്നുവരെ ഹാകിമിയ്യത് സ്ഥാപിച്ചുകൊണ്ടുള്ള ഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ, ഫത്‌വകൾ തുടങ്ങിയവയുടെ മഹാ സമാഹാരമാണ് വരുന്നത്. ഇന്ന് മലയാളത്തിൽ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നതിൽ പല സംഘടനകളും മുന്നോട്ട് പോയിട്ടുണ്ട്. പക്ഷേ, ഇതിന് വലിയ പ്രചോദനമായത് ഇസ്‌ലാമിക പ്രസ്ഥാനമാണെന്ന കാര്യം അടിവരയിടേണ്ട വിഷയമത്രെ.



■ സി.എൻ അഹ്മദ് മൗലവി

**ഇസ്‌ലാം, ജീവിത പദ്ധതി എന്നതിനപ്പുറം ഒരു വിമോചന പദ്ധതി കൂടിയായി ജമാഅത്ത് ഉയർത്തി. പച്ച മനുഷ്യർക്കു വേണ്ടി, വോട്ടു പോലും നോട്ടമില്ലാതെ, ത്യാഗ മനസ്സോടെ, പൊതുസമൂഹത്തിന്റെ രാജപാതകളിൽ സ്ഥാനവും വേരുമില്ലാത്തവർക്ക് വിമോചന പ്രസ്ഥാനമായി ജമാഅത്ത് അതിന്റെ വളർച്ച രേഖപ്പെടുത്തി.**

അറബി മലയാളം ഇന്നും ഉപേക്ഷിക്കേണ്ടതല്ല. അതിലെ മാപ്പിളപ്പാട്ട് ഉൾപ്പെടെയുള്ളവ ഇസ്‌ലാമിക പ്രസ്ഥാനപ്രവർത്തകരും പുനരുജ്ജീവിപ്പിക്കണം. സുന്നികളോട് ഇക്കാര്യത്തിൽ ബഹുമാനമുണ്ട്. സമുദായത്തിന്റെ പൈതൃകമായി അത് സംരക്ഷിക്കപ്പെടണം. മാപ്പിളപ്പാട്ട് മാധുര്യം സഖാവ് ഹംസക്ക് മാത്രം അറിഞ്ഞാൽ മതിയാവില്ല.

## പത്രപ്രവർത്തനം

*പ്രബോധനം* പ്രതിപക്ഷ പത്രമായി തുടങ്ങാൻ തീരുമാനിച്ചതിൽനിന്നാണ് ജമാഅത്തിന്റെ പത്രപ്രവർത്തന ആരംഭം. 'പ്രതിപക്ഷ പത്രം' എന്ന വാക്കിന്റെ അർഥം പോലും അന്ന് കൃത്യമായി അറിയില്ലായിരുന്നു. ഹാജിസാഹിബും കെ.സി അബ്ദുല്ല മൗലവിയും മുഖാമുഖം ഇരുന്ന് 'എന്നാൽ തുടങ്ങ്വല്ലേ' എന്ന രൂപത്തിൽ ആവേശത്താൽ പ്രചോദിതമായി ആരംഭിച്ചതാണീ പത്രപ്രവർത്തനം. തിറാഹ എന്ന പുസ്തകത്തിന് 'മലയാള'ത്തിലും അതേ പേര് വരാൻ കാരണം അതിന്റെ അർഥം പറയുന്ന ഡിക്ഷ്നറി അന്നു ലഭിക്കാത്തതിനാലാവണം. ഇന്ന് 'ആറ് രാഷ്ട്രങ്ങളിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഏക ഇന്ത്യൻ ദിനപത്ര'മാണ് നടത്തുന്നത്. ജനം അംഗീകരിച്ച ഈ പൊതു പത്രം ദിവ്യമായ അത്ഭുതമാണ്. ലക്ഷ്യത്തിൽ 95 ശതമാനം അത് വിജയിച്ചിരിക്കുന്നു. ഇതേ ട്യൂൺ സ്വീകരിച്ച് മറ്റ് രണ്ട് പത്രങ്ങൾ ശേഷം കേരളത്തിൽ പിറന്നിട്ടുണ്ട്. മറ്റൊന്ന് ഇതേ ശൈലിയിലേക്ക് മാറാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരു കൊച്ചു പ്രദേശത്ത് നിന്ന് മുസ്‌ലിംകൾ അഞ്ച് പത്രം നടത്തുന്നുവെന്നത് ചില്ലറ കാര്യമല്ല. ഇക്കാര്യത്തിൽ വിനയാന്വിതമായ അഭിമാന ബോധമുണ്ട്. സെക്യുലർ സമൂഹത്തിൽ ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് എങ്ങനെ പത്രം നടത്താമെന്ന പരീക്ഷണമാണ് ഇതിലൂടെ ജമാഅത്ത് ഏറ്റെടുത്ത് വിജയിപ്പിച്ചത്. പത്രപ്രവർത്തനത്തിൽ കേരള മുസ്‌ലിംകൾക്ക് നിർണായക വഴികാട്ടിയായ ജമാഅത്ത് നടത്തിയ സന്തോഷകരമായ കാൽവെപ്പാണിത്.

കേരള മുസ്‌ലിം നവോത്ഥാന

ത്തിൽ ജമാഅത്ത് സ്വാധീനം ചെലുത്തിയ മറ്റു മേഖലകൾ കൂടി ചുരുക്കി പറയാം. 1. പ്രത്യേക പന്തൽ സജ്ജീകരിച്ച്, നമസ്കാരം ഉൾപ്പടെയുള്ള ഭക്തി നിർഭര കാര്യങ്ങൾ അവിടെ വെച്ച് നടത്തി, രണ്ടു മൂന്ന് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന സമ്മേളനങ്ങൾ. പിന്നീട് മറ്റ് മതസംഘടനകളും അതേറ്റുപിടിച്ചിട്ടുണ്ട്. ഇന്ന് സമ്മേളനങ്ങളുടെ പോസ്റ്റർ ഒട്ടിക്കാൻ വരെ ക്വട്ടേഷൻ സംഘങ്ങൾ ഉണ്ടായിരിക്കെ സമ്മേളനം വലിയ ഭാരമല്ല. പക്ഷേ അന്നത് വലിയ ത്യാഗമായിരുന്നു. 2. ഖുർആൻ ദർസുകളുടെ ആരംഭം. ഖുർആനെ ക്ലാസിലാക്കി എന്നാണ് ചിലരതിനെ പരിഹസിച്ചിരുന്നത്. 3. വിദ്യാഭ്യാസ രംഗത്ത് വരുത്തിയ വിപ്ലവം. അതാണ് മദ്റസാ പ്രസ്ഥാനം. ഇന്നത് കാലഹരണപ്പെട്ടുവെങ്കിലും സുന്നികൾക്ക് പോലും അന്നത് ഉണ്ടായിരുന്നില്ല. ലൗകിക വിദ്യാഭ്യാസത്തിനൊപ്പം മതവിദ്യാഭ്യാസം കൂടി ചേർത്തുകൊണ്ടുള്ള ആ വിപ്ലവം ഇന്ന് വെല്ലുവിളി നേരിടുകയാണ്. 4. ഇസ്‌ലാം, ജീവിത പദ്ധതി എന്നതിനപ്പുറം ഒരു വിമോചന പദ്ധതി കൂടിയായി ജമാഅത്ത് ഉയർത്തി. പച്ച മനുഷ്യർക്കു വേണ്ടി, വോട്ടു പോലും നോട്ടമില്ലാതെ, ത്യാഗമനസ്സോടെ, പൊതുസമൂഹത്തിന്റെ രാജപാതകളിൽ സ്ഥാനവും വേരുമില്ലാത്തവർക്ക് വിമോചന പ്രസ്ഥാനമായി ജമാഅത്ത് അതിന്റെ വളർച്ച രേഖപ്പെടുത്തി. ചിലർക്ക് മയിലമ്മയെ ഖുർആനിൽ പിടികിട്ടുന്നില്ല. എന്നാൽ ഒന്നുകൂടി വായിക്കൂ. അതിന്റെ അകത്ത് അതുണ്ട്. ചിലർ അറച്ചും മടിച്ചും 'മരം നടീൽ' ശൈലികളിലൂടെ വരുന്നുണ്ട്. കമ്യൂണിസ്റ്റുകാരൻ വരെ ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തെ വായിച്ചെടുക്കാൻ കഴിയാതെ നിസ്സഹായപ്പെടുന്നുണ്ട്. പണ്ടത്തെ കമ്യൂണിസം ഇന്ന് കേരളത്തിലും ബംഗാളിലുമില്ല. അവർക്ക് പോലും ഹ്യൂഗോ ഷാവേസും നിജാദുമാണ് ആവേശം. അതുകൊണ്ടാണ് പിണറായി വിജയനു വരെ കാര്യം പിടികിട്ടാത്തത്. ജമാഅത്തെ ഇസ്‌ലാമിയെ പറ്റി ചോദിക്കുമ്പോഴെല്ലാം അർഥവത്തായ മറുപടിയാണ് അങ്ങോർ പറയുന്നത്- അവർ ഒരു അജണ്ടയുള്ള പാർട്ടിയാണെന്ന്. സഖാവേ, എന്താണാ അജണ്ട? അങ്ങോർക്കും അത് തിരിഞ്ഞിട്ടില്ല. ഒരു മതപ്രസ്ഥാനം ഞങ്ങളെയും വെട്ടിച്ച് അതിനപ്പുറത്ത് ഒരു വിമോചന പ്രസ്ഥാനമാകുന്നതെങ്ങനെ? അതിനാൽ ഡി.വൈ.എഫ്.ഐയെ തോൽപിക്കാനാണ് ഇവർ വന്നതെന്ന് കമ്യൂണിസ്റ്റുകാരൻ ആത്മാർഥമായും സംശയിച്ചു. 5. വനിതകളുടെ സമുദ്ധാരണത്തിനു പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്ത്. അവർക്ക് ഇസ്‌ലാം നൽകിയ സ്ഥാനം സമൂഹത്തിൽ ഇനിയും ലഭിച്ചിട്ടു വേണം. ഈ രംഗത്ത് കാര്യമായ മാറ്റങ്ങൾ ആവശ്യമുണ്ട്. പക്ഷേ, മതപണ്ഡിതന്മാരെ ശ്രദ്ധിച്ചും സാധാരണക്കാരനെ ബേജാറാക്കിയുമേ അത് നേടാൻ കഴിയൂ. 'മുത്തലാഖ്' സംഭവിച്ച വിഷയത്തിൽ ഭാര്യയെ തിരിച്ചെടുക്കണമെങ്കിൽ, ഒരാൾ കാഫിറായി തിരിച്ചുവരിക എന്ന 'മതവിധി' വരെ പറയുന്നവരാണ് ഈ മതപണ്ഡിതന്മാർ. ■

(2009 മെയിൽ കോഴിക്കോട്ട് നടന്ന ഐ.പി.എച്ച് പുസ്തകമേളയുടെ സമാപന സമ്മേളനത്തിൽ ചെയ്ത പ്രസംഗം)

തയാറാക്കിയത്:
**റഫീഖുർറഹ്മാൻ മൂഴിക്കൽ**